പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1692 13.7.2011-ൽ മറുപടിക്ക്

## റിയാബ് സമർപ്പിച്ച റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി റിയാബിനെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി)&(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുമായി 2011 ജൂൺ 21-ാം തീയതി വ്യവസായ വകുപ്പ് മന്ത്രി നടത്തിയ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒരു Status Report റിയാബ് തയ്യാറാക്കിവരുന്നു. ഭൂമി വിറ്റ് ലാഭമുണ്ടാക്കിയ സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും Status റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്. |
| (സി) ഇതിൽ ഭൂമി വിറ്റ് ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ